## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 360 — 16/12/2014-ൽ മറുപടിക്ക്

### മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പുയർത്തുന്നതുമൂലം ആദിവാസികൾക്ക് സംഭവിക്കാവുന്ന ദുരവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ഡോ. ടി.എം. തോമസ് ഐസക് :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. ആർ. രാജേഷ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പുയർത്തുന്ന സുപ്രീം കോടതി തീരുമാനം നടപ്പിലാകുമ്പോൾ അണക്കെട്ട് പരിസരത്ത് താമസിക്കുന്ന ആദിവാസി സമൂഹത്തിന് എന്ത് സംഭവിക്കുമെന്ന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്ന സുപ്രീം കോടതി തീരുമാനം നടപ്പിലാക്കുന്നതു വഴി അണക്കെട്ടിന്റെ പരിസരത്തുള്ള ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിലെ കുമളി സെറ്റിൽമെന്റിലെ മന്നാൻ, പളിയ ഗോത്ര വിഭാഗത്തിൽപ്പെട്ട 488 കുടുംബങ്ങളിലെ 1381 പേർക്ക് കിടപ്പാടവും ഉപജീവന മാർഗ്ഗവും നഷ്ടപ്പെടാനിടയുണ്ട്. |
| (ബി) | അണക്കെട്ടിൽ ജലനിരപ്പ് ഉയർത്തുന്നത് മൂലം ആദിവാസികൾക്ക് സംഭവിക്കാവുന്ന ദുരവസ്ഥ തടയുന്നതിന് വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ഇവരെ മാറ്റിപ്പാർപ്പിക്കാൻ സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടവും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇക്കാര്യത്തിലുള്ള ആശങ്ക ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അണക്കെട്ടിൽ ജലനിരപ്പ് ഉയർത്തുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ആദിവാസികളുടെ ആശങ്കയകറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഇടുക്കി ജില്ലാ ഭരണകൂടം ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ